1. ഇ.ബി. XIII-കേരള നിയമസഭ/XI-1

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 09, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത മൂവായിരത്തി അഞ്ഞൂറ്റി അറുപത്തിയൊന്നാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ്

മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## ചരമോപചാരം

### പി.ആർ. രാജൻ, ആർ. ഗോപാലകൃഷ്ണൻ നായർ, കെ. പുരുഷോത്തമൻ എന്നിവരുടെ നിര്യാണം

മുൻ രാജ്യസഭാംഗം പി.ആർ. രാജൻ, കേരള നിയമസഭാംഗങ്ങളായിരുന്ന ആർ. ഗോപാലകൃഷ്ണൻ നായർ, കെ. പുരുഷോത്തമൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തര പ്രമേയം

### അനധികൃതമായി കുട്ടികളെ കടത്തിക്കൊണ്ടുവന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്തെ ചില യത്തീംഖാനകളുടെ പേരിൽ നടക്കുന്നതായി പറയപ്പെടുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് അതീവ ഗുരുതരമായ റിപ്പോർട്ടുകൾ പുറത്തുവരികയും സാമൂഹ്യനീതി, ആഭ്യന്തരം എന്നീ വകുപ്പുകൾ പ്രശ്നത്തിൽ നിയമാനുസൃതം ഇടപെടാതിരിക്കുന്നതിൽ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് അതൃപ്തി രേഖപ്പെടുത്തിയിരിക്കുന്നതുമൂലം

ജനങ്ങളാകെ ഉത്ക്കണ്ഠാകുലരായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച് ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): കഴിഞ്ഞ മാസം 24, 25 തീയതികളിലായി അനാഥാലയങ്ങളിലേയ്ക്കെന്നു പറഞ്ഞ് ഝാർഖണ്ഡ്, ബീഹാർ, വെസ്റ്റ് ബംഗാൾ എന്നിവിടങ്ങളിൽ നിന്ന് കൊണ്ടുവന്ന 455 കുട്ടികളെ പാലക്കാട് വച്ച് റെയിൽവേ പോലീസ് കണ്ടെത്തുകയുണ്ടായി. കോഴിക്കോട് , മലപ്പുറം, പാലക്കാട് സി.ഡബ്ല്യു.സി. കളിലെത്തിച്ച കുട്ടികളിൽ മതിയായ രേഖകളുള്ളവരെ ഓർഫനേജിലേയ്ക്കും രേഖകളില്ലാത്തവരെ തിരിച്ചയയ്ക്കാനും ഖ്വാസി ജുഡീഷ്യറി ബോഡിയായ സി.ഡബ്ല്യു.സി. ഉത്തരവിട്ടതിനെത്തുടർന്ന് സാമൂഹ്യ നീതി വകുപ്പ് അതിനാവശ്യമായ നടപടികളെടുത്തുവരികയാണ്. പാലക്കാടുണ്ടായിരുന്ന 33 കുട്ടികൾ

രക്ഷകർത്താക്കൾക്കൊപ്പം തിരികെപോയി. 120 കുട്ടികൾ ഝാർഖണ്ഡിലേയ്ക്ക് ഇന്ന് പോകും. ബാക്കിയുള്ള 14 കുട്ടികളെയും അവരുടെ ഡീറ്റെയിൽസ് എടുത്താലുടൻ അയയ്ക്കും. കോഴിക്കോടുള്ളതിൽ 18 കുട്ടികളൊഴികെ ബാക്കിയുള്ളവർക്ക് രേഖകളുള്ളതിനാൽ അവരെ തത്ക്കാലം ഓർഫനേജുകളിലേയ്ക്ക് അയയ്ക്കും. കൂടുതൽ അന്വേഷണം നടത്തി ഇനിയും തിരിച്ചയയ്ക്കേണ്ടവരുണ്ടെങ്കിൽ അതിനാവശ്യമായ നടപടിയെടുക്കും. മലപ്പുറത്തുള്ളതിൽ 64 പേരെ തിരിച്ചയച്ചു. ബാക്കിയുള്ളവരുടെ രേഖകൾ പരിശോധിച്ചുവരികയാണ്. കുട്ടികൾക്കാവശ്യമായ ഭക്ഷണം, താമസം, മെഡിക്കൽ കെയർ എന്നിവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഝാർഖണ്ഡിലേയ്ക്ക് തിരികെ പോകുന്ന കുട്ടികൾക്കുള്ള ടിക്കറ്റ് ഫെയറിനും ഭക്ഷണത്തിനുമായി പത്ത് ലക്ഷം രൂപ സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ടുമെന്റ് സാംഗ്ഷൻ ചെയ്തിട്ടുണ്ട്. കോടതിയിൽ സമർപ്പിക്കുന്നതിനുള്ള കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കിവരികയാണ്. 1960-ലെ ആക്ട് പ്രകാരമുള്ള യാതൊരു നിയന്ത്രണങ്ങളും പാലിക്കാതെയാണ് കുട്ടികളെ കൊണ്ടുവരുന്നത്. അനാഥാലയങ്ങളിലേയ്ക്ക് കുട്ടികളെ കൊണ്ടുവരുന്നതിന് കൃത്യമായ രേഖകൾ വേണമെന്ന നിർദ്ദേശമുണ്ട്. പല അനാഥാലയങ്ങൾക്കും ഇതുസംബന്ധിച്ച് കൃത്യമായ

ധാരണയില്ലാത്തതിനാൽ അവരിൽ അവബോധമുണ്ടാക്കുന്നതിനും വിദ്യാഭ്യാസത്തിനായി കുട്ടികളെ കൊണ്ടുവരുമ്പോൾ നിയമപരമായ നിബന്ധനകൾ പാലിക്കപ്പെടുന്നതിനും കർശന നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കുട്ടികളെ കടത്തിക്കൊണ്ടുവന്നതുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നും പറഞ്ഞില്ല. ഈ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് ഇത് വ്യക്തമാക്കുന്നത്. സർക്കാർ ഈ കേസ് കൈകാര്യം ചെയ്ത രീതിയെ ഹൈക്കോടതി തന്നെ വിമർശിച്ചിരിക്കുകയാണ്. കുട്ടികളെ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്നതിലൂടെ യത്തീംഖാനകളുമായി ബന്ധപ്പെട്ട് ഗുരുതരമായ നിയമവിരുദ്ധപ്രവർത്തനങ്ങൾ നടക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മതിയായ രേഖകളില്ലാതെയും രക്ഷിതാക്കൾക്ക് മോഹനവാഗ്ദാനങ്ങൾ നൽകിയും കടത്തിക്കൊണ്ടുവരുന്ന കുട്ടികളുടേതായി കാണിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളിലെല്ലാം ഒപ്പ് ഒരാളുടേതാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഝാർഖണ്ഡിലെ അന്വേഷണ ഉദ്യോഗസ്ഥൻ നടത്തിയ പരിശോധനയിലും ഇത് നിയമാനുസൃത

നടപടിയല്ലെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഈ സംഭവത്തോടെ , പ്രതിബദ്ധതയോടും സേവനമനോഭാവത്തോടുംകൂടി പ്രവർത്തിച്ചിരുന്ന യത്തീംഖാനകൾ സംശയത്തോടെയാണ് ഇപ്പോൾ ജനങ്ങൾ നോക്കിക്കാണുന്നത്. പാവപ്പെട്ട കുട്ടികളെ അന്യസംസ്ഥാനങ്ങളിൽനിന്നും കടത്തിക്കൊണ്ടുവന്ന് വിദേശരാജ്യങ്ങളിൽനിന്നും പണം തട്ടാനുള്ള നടപടിയായി ഇതിനെ സംശയിക്കേണ്ടിയിരിക്കുന്നു. നിയമാനുസൃതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന യത്തീംഖാനകളുടെ മറവിൽ പ്രവർത്തിക്കുന്ന നിയമവിരുദ്ധ സ്ഥാപനങ്ങളെ കണ്ടെത്താനാവശ്യമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തണം. അനധികൃതമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളെക്കുറിച്ച് അന്വേഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സാമൂഹ്യനീതി വകുപ്പ് ഈ രംഗത്ത് നീതിയാണോ നടപ്പാക്കുന്നുണ്ടോ എന്നതും പരിശോധിക്കണം. അനാഥാലയങ്ങളുടെ മറവിൽ കുട്ടികളെ കടത്തിക്കൊണ്ടുവന്നതിന് ഒരു നടപടിയും സർക്കാർ സ്വീകരിക്കാതിരിക്കുന്നത് പ്രതിഷേധാർഹമാണ്. ഇതുസംബന്ധിച്ച് കേരള സ്റ്റേറ്റ് ബോർഡ് ഓഫ് കൺട്രോൾ റൂൾ അനുസരിച്ചുള്ള വ്യവസ്ഥകളും കേരള ഹൈക്കോടതിനൽകിയിട്ടുള്ള ഗൈഡ്

ലൈനുകളും കാറ്റിൽപ്പറത്തുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല ആഭ്യന്തരവകുപ്പ് രജിസ്റ്റർ ചെയ്ത കേസിൽ ഒരു തീരുമാനവും എടുക്കാനാവാത്ത സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. സർക്കാരിന്റെ ഇതര വകുപ്പുകൾ തമ്മിലുള്ള തർക്കംമൂലം ഇത്തരം വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : കഴിഞ്ഞ സർക്കാർ രൂപീകരിച്ച സി.ഡബ്ല്യു.സി.-കളും ഓർഫനേജ് കൺട്രോൾ ബോർഡുമാണ് സംസ്ഥാനത്ത് ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ വിഷയത്തിൽ കുറച്ചുകൂടി ഡീറ്റെയിൽസ് വേണമെന്നാണ് കോടതിവിധിയിൽ പറഞ്ഞിട്ടുള്ളത്. നിയമം നിയമത്തിന്റെ വഴിക്ക് പോകുന്നതിന് ഗവൺമെന്റിന് യാതൊരു പ്രശ്നവുമില്ല. ഈ ഗവൺമെന്റ് വന്നശേഷം മനുഷ്യക്കടത്ത് നടത്തുന്നുവെന്ന രീതിയിൽ വലിയ പുകമറ സൃഷ്ടിക്കുന്നത് ശരിയല്ല. 2008-ൽ മതിയായ രേഖകളില്ലാതെ ഓർഫനേജുകളിലേക്ക് വന്ന കുട്ടികൾക്ക് രേഖയുണ്ടാക്കണമെന്ന് കാണിച്ച് 2013-ൽ ഇറക്കിയ ഓർഡറിനെ തെറ്റായി വ്യാഖ്യാനിക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ഓർഫനേജുകളിലേയ്ക്ക് പഠനത്തിന്

വരുന്ന കുട്ടികളുടെ കാര്യങ്ങൾ കുറച്ചുകൂടി കർശനമായി നോക്കുന്നതിന് ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഓർഫനേജുകൾക്ക് അഡ്വാൻസായി കൊടുത്ത പണം സർക്കാർ തിരിച്ചുപിടിച്ചിട്ടുണ്ട്. മനുഷ്യക്കടത്ത് ഒരു തരത്തിലും നടത്താതിരിക്കാനുള്ള കാര്യങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്. നിബന്ധന പ്രകാരം കുട്ടികൾക്ക് ഇവിടെ പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. ഇതിന്റെ മറവിൽ ഓർഫനേജുകളെ തള്ളിപ്പറയുന്നത് സാമൂഹ്യ വ്യവസ്ഥിതിയെ ബാധിക്കുന്ന വലിയൊരു പ്രശ്നമാകും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : അടിയന്തര പ്രമേയ അവതരണത്തിനിടയിൽ എന്നെപ്പറ്റി നടത്തിയ പരാമർശങ്ങൾ വാസ്തവവിരുദ്ധമാണ്. ദുരിതം അനുഭവിക്കുന്ന പ്രദേശങ്ങളിൽ സാമൂഹ്യ ക്ഷേമതാൽപര്യമുള്ള ആളുകൾ ഓർഫനേജ് നടത്തുന്നത് നന്നായിരിക്കുമെന്ന സദുദ്ദേശ്യപരമായ പരാമർശമാണ് ഞാൻ നടത്തിയത്. ഈ സംഭവത്തെക്കുറിച്ച് മനുഷ്യക്കടത്ത് എന്ന് ഒരിടത്തും ഞാൻ പറഞ്ഞിട്ടില്ല. നിരവധി കുട്ടികളെ ട്രെയിനിൽ കേരളത്തിലേയ്ക്ക് കൊണ്ടുവന്നു എന്ന വിവരം റെയിൽവേ പോലീസ് ലോക്കൽ പോലിസിനെ അറിയിക്കുകയും ഇതിൽ കേസ്സെടുക്കണമെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി ആവശ്യപ്പെടുകയുമുണ്ടായി. ചില നിബന്ധനകൾ ലംഘിച്ചുകൊണ്ടാണ് കുട്ടികൾ ഇവിടെ എത്തിയിരിക്കുന്നത്. ക്രൈം ബ്രാഞ്ചിന്റെ

അന്വേഷണം പൂർത്തിയായാൽ മാത്രമേ വ്യക്തമായ കാര്യങ്ങൾ പുറത്തുവരികയുള്ളൂ. ഈ കേസ്സുമായി ബന്ധപ്പെട്ട വിഷയത്തിൽ സാമൂഹ്യ നീതി വകുപ്പും ആഭ്യന്തര വകുപ്പും തമ്മിൽ യാതൊരു വിധത്തിലുള്ള അഭിപ്രായവ്യത്യാസവുമില്ല. ഈ വിഷയത്തിൽ നിയമാനുസൃതമായ കാര്യങ്ങളുമായി സർക്കാർ മുമ്പോട്ടുപോകുന്നതാണ്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഇതുസംബന്ധിച്ച് സഭയിൽ വിശദമാക്കിയിരിക്കുകയാണ്. സി.ഡബ്ല്യൂ.സി. കേസെടുക്കാൻ ഉത്തരവ് നല്കിയതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. ഇടുക മാത്രമാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ യാതൊരുവിധ ആശയക്കുഴപ്പത്തിന്റെയും അഭിപ്രായ വ്യത്യാസത്തിന്റെയും ആവശ്യമില്ല. പോലീസ് അന്വേഷണം നടത്തി ശരിയായ ദിശയിലുള്ള നിയമ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. സംസ്ഥാനത്ത് അന്തസ്സാർന്ന നിലയിൽ പ്രവർത്തിക്കുന്ന ഓർഫനേജുകളെ ഒന്നടങ്കം ആക്ഷേപിക്കുന്നത് ശരിയല്ല. അനാഥാലയങ്ങളുടെ വലിയ സേവന ദൗത്യത്തെ തകർക്കരുത്. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ വിധിയിൽ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയോ പ്രതിസ്ഥാനത്ത് നിറുത്തുകയോ ചെയ്തിട്ടില്ല. തെറ്റ് ചെയ്തവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതായിരിക്കും.

അന്വേഷണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചകളും പോരായ്മകളും കണ്ടെത്തി ആയത് തിരുത്താൻ നടപടി സ്വീകരിക്കുന്നതാണ്. അന്ധമായ രാഷ്ട്രീയം കലർത്തി എല്ലാറ്റിനേയും എതിർക്കുന്ന സമീപനത്തിലേയ്ക്ക് പ്രതിപക്ഷം പോകരുത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ കെ. മുരളീധരൻ, മോൻസ് ജോസഫ്, കെ. കെ. ജയചന്ദ്രൻ എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ

(1) നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സംഭരിച്ച നെല്ലിന്റെ വില ലഭിക്കാത്തതുമൂലം കേരളത്തിലെ നെൽകർഷകർ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുകയാണ്. നെൽകർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനുമാണ് നെല്ലുസംഭരണം നടപ്പിലാക്കിയത്. എന്നാൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നില്ല. പകുതിയിൽ കൂടുതലും കുടിശ്ശികയാണ്. സ്വകാര്യ കമ്പനികൾ അഡ്വാൻസായി തുക നൽകാൻ തയ്യാറായി നിൽക്കുമ്പോഴാണ് സർക്കാരിന്റെ നെല്ലുസഭരണവുമായി സഹകരിക്കാൻ കർഷകർ തയ്യാറായത്. ഇതിനാവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില കർഷക്ര്ക്ക് നൽകുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സംസ്ഥാനത്ത് ഇത്തവണ റെക്കോഡ് നെല്ല് സംഭരണം നടന്നു. രണ്ടു സീസണുകളിലായി 5.36 ലക്ഷം ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്. ഒന്നര ലക്ഷം ടൺ നെല്ല് കൂടുതലായി സംഭരിക്കുവാൻ സാധിച്ചിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില 18 രൂപയിൽ നിന്നും 19 രൂപയായി

ഉയർത്താൻ കഴിഞ്ഞു. ഓരോ വർഷവും രണ്ടു ഘട്ടങ്ങളിലായാണ് നെല്ല് സംഭരണം നടത്തുന്നത്. 2013-ലെ ആദ്യ സീസണിൽ സംഭരിച്ച 1.36 ലക്ഷം ടൺ നെല്ലിന്റെ വിലയായ 144 കോടി രൂപ കർഷകർക്ക് കൊടുത്തുകഴിഞ്ഞു. 2014 ജനുവരി മുതൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച 3.97 ലക്ഷം ടൺ നെല്ലിന്റെ വിലയായ 748 കോടി രൂപയാണ് കൊടുക്കുവാനുണ്ടായിരുന്നത് അതിൽ 400 കോടി രൂപ കർഷകർക്ക് കൊടുത്തുകഴിഞ്ഞു. 150 കോടി രൂപ അടിയന്തരമായി കർഷകർക്ക് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂലൈയിൽ തുടങ്ങുന്ന മൂന്നാം ഘട്ട സംഭരണത്തിലേയ്ക്ക് കേന്ദ്ര വിഹിതമായി ലഭിക്കാനുള്ള തുകയിൽ 150 കോടി രൂപ അഡ്വാൻസായി ലഭ്യമാക്കണമെന്ന് കേന്ദ്ര കൃഷി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എറണാകുളം ജില്ലയിലെ കുടിശ്ശിക മുഴുവനായും തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ മാർച്ച് 25 വരെയുള്ള കുടിശ്ശികയും കൊടുത്തു തീർത്തിട്ടുണ്ട്. ജൂലൈ ആദ്യം എല്ലാ ജില്ലകളിലെയും കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയും. കർഷകർക്ക് പണം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി അടുത്ത വർഷം മുതൽ നെല്ലിന്റെ വില ജില്ലാ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

## (2) കസ്തൂരി രംഗൻ റിപ്പോർട്ട്

ശ്രീമതി ഇ.എസ് ബിജിമോൾ: പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് മാധവ് ഗാഡ്ഗിൽ നൽകിയ ശുപാർശകളിലുണ്ടായ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച കസ്തൂരി രംഗൻ കമ്മിറ്റി വേണ്ട രീതിയിൽ പൊതുജനങ്ങളുമായി ആശയവിനിമയം നടത്താതെയാണ് അവരുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി മാത്രമേ പശ്ചിമഘട്ട സംരക്ഷണം വിജയിപ്പിക്കാൻ കഴിയുകയുള്ളൂ. 2006-ലാണ് വേൾഡ് ഹെറിറ്റേജ് കമ്മിറ്റിയോടും യുനെസ്കോയോടും 39 സ്ഥലങ്ങൾ പൈതൃക പദവിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചത്. ആദ്യം നിരസിച്ചുവെങ്കിലും 2009-ൽ പൈതൃക പദവി നൽകുന്നതിനുള്ള ശുപാർശകൾ ഉണ്ടായി. അതനുസരിച്ച് നിയോഗിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റി 2011 ഓഗസ്റ്റ് 31-ന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് അതുപോലെ നടപ്പിലാക്കിയാൽ ഇടുക്കി, വയനാട് മേഖലകളിലെ ജനങ്ങൾ ആവാസ വ്യവസ്ഥ ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടാകും. ഒരു സ്ക്വയർ കി.മീറ്ററിൽ 100 കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അത്തരം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളെ ഇതിൽനിന്ന് ഒഴിവാക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും ആ നിർദ്ദേശം പാലിക്കുന്നതിന് കസ്തൂരി രംഗൻ

കമ്മിറ്റിക്ക് കഴിയാതെ പോയി. കസ്തൂരി രംഗൻ ശുപാർശകളിൽ നിർദ്ദേശിക്കപ്പെട്ട 4186 വില്ലേജുകളിൽ ഉൾപ്പെട്ട കേരളത്തിലെ 123 വില്ലേജുകളിൽ 48 വില്ലേജുകൾ ഇടുക്കി ജില്ലയിലാണുള്ളത്. ഇതിൽ പ്രൊട്ടക്റ്റഡ് ഏരിയ ഒഴിവാക്കിയാൽ ഒരു സ്ക്വയർ കി.മീറ്ററിൽ 318.48 ജനങ്ങൾ താമസിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. 2001-ലെ സെൻസസ് പ്രകാരം ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിൽ മാത്രം 410.14 ആണ് ജനസംഖ്യാ നിരക്ക്. ഏതാണ്ട് നാലുകോടിയോളം ജനങ്ങൾ അധിവസിക്കുന്ന ഈ ചെറിയ സംസ്ഥാനത്തിലെ 123 വില്ലേജുകൾ ഇത്തരത്തിൽ ഉൾപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായാൽ അതുണ്ടാക്കുന്ന ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആശങ്ക പരത്തുന്ന രീതിയിലുള്ള പല സംശയങ്ങൾ പൊന്തിവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും പുതിയ ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിലുള്ള നീക്കങ്ങളാണ് സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. പശ്ചിമഘട്ടത്തിൽ 123 പരിസ്ഥിതിലോല പ്രദേശങ്ങളാണുള്ളത്. ഇ.എസ്.ഐ. മേഖല നിർണ്ണയിക്കുന്നതിനായി ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളും ഉൾക്കൊള്ളുന്ന

ഒരു പ്രാദേശിക കമ്മിറ്റിയുടെ അഭിപ്രായം കൂടി ആരാഞ്ഞതിനുശേഷമാണ് കെഡസ്ട്രിയൽ മാപ്പിന് രൂപം നൽകിയത്. ജനങ്ങളുടെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ കുറേ മാറ്റം വരുത്തിയിട്ടുണ്ട്. കൃഷിസ്ഥലങ്ങൾ, ആവാസകേന്ദ്രങ്ങൾ, തോട്ടങ്ങൾ തുടങ്ങിയവ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം മിനിസ്ട്രി ഓഫ് ഫോറസ്റ്റിനെയും കേന്ദ്ര പരിസ്ഥിതി വകുപ്പിനെയും, കേന്ദ്ര ഗവൺമെന്റിനെയും അറിയിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ നിലപാട് ഇതാണെങ്കിലും കരം സ്വീകരിക്കാതിരിക്കുക, പ്രമാണം രജിസ്റ്റർ ചെയ്യാതിരിക്കുക തുടങ്ങി കേന്ദ്ര സർക്കാർ തീരുമാനങ്ങൾ യാതൊരു കാരണവശാലും ബാധകമല്ലാത്ത കാര്യങ്ങളിൽ ചില ഉദ്യോഗസ്ഥർ പരിസ്ഥിതിലോല പ്രദേശം, കസ്തൂരിരംഗൻ റിപ്പോർട്ട് തുടങ്ങിയ കാര്യങ്ങൾ പറഞ്ഞ് നിയമപരമായി ചെയ്യേണ്ട കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇത്തരം വീഴ്ചകൾക്കെതിരെ ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ ഖനനത്തിന് പൂർണ്ണ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ പുതിയ താപനിലയങ്ങൾ അനുവദിക്കില്ലെന്നുമാത്രമല്ല, നിലവിലുള്ളവ വികസിപ്പിക്കാനും സാധിക്കില്ല. വ്യവസായങ്ങൾ സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിക്കുന്നപ്രകാരം മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. സ്ഥല

വികസിത പദ്ധതികൾക്ക് 50 ഹെക്ടറിലധികവും അഥവാ 1,50,000 ച. മീ. അധികവുമായവ പുതുതായി അനുവദിക്കില്ല. ഇവയ്ക്കുപുറമേ നിയന്ത്രണത്തിലുള്ളവയും ഓറഞ്ച് കാറ്റഗറിയിൽപ്പെട്ടവയുമുണ്ട്. നിരോധിക്കപ്പെട്ടവ ഒഴികെയുള്ള പദ്ധതികൾ വികസനാവശ്യം കണക്കിലെടുത്തശേഷം മുൻകൂർ പാരിസ്ഥിതികാനുമതിയോടുകൂടി നടപ്പാക്കാം എന്നതാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള നിബന്ധന. അവിടത്തെ ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. അതിനെ തെറ്റിദ്ധരിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർ ഈ പരിധിക്കപ്പുറത്തുപോയി എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടെങ്കിൽ ഗവൺമെന്റ് അത് ഗൗരവപൂർവ്വമായി കണക്കാക്കുകയും കർശനമായി നേരിടുകയും ചെയ്യും. ഒരു കാരണവശാലും ഗവൺമെന്റിന്റെ പോളിസിക്ക് വിരുദ്ധമായി പോകാൻ അനുവദിക്കില്ല.

മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപട്ടികയിലെ ലിസ്റ്റ് I, ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

റിപ്പോർട്ട് സമർപ്പണം

I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ നാലാമത് റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം

## മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി

ക്രമപ്രശ്നം

അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച സുപ്രീം കോടതി വിധിയും അതിനെ തുടർന്നുള്ള സംഭവങ്ങളുമാണ് സഭ ചർച്ച ചെയ്യുന്നത്. ഈ വിഷയം ചട്ടം 130 പ്രകാരം പല തവണ സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. തമിഴ് നാടിന് അനുകൂലമായി വിധിയുണ്ടായതിൽ അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും ഭാഗത്തുനിന്നുണ്ടായ വീഴ്ചകളെ സംബന്ധിച്ച് പറയുമ്പോൾ സ്വഭാവികമായും അഡ്വക്കേറ്റ് ജനറലിന്റെ സാന്നിദ്ധ്യമുണ്ടാകേണ്ടതും ഭരണഘടനയുടെ അനുച്ഛേദം 177 പ്രകാരം അത് അനുവദനീയവുമാണ്. മുല്ലപ്പെരിയാർ പ്രശ്നം ഇന്റർ സ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ടാണെന്ന് സംസ്ഥാനം പറഞ്ഞതായി സുപ്രീം കോടതി അഭിപ്രായപ്പെട്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാം തകർന്നാലും ഇടുക്കി ഡാമിന് താങ്ങാൻ കഴിയുമെന്ന അഫിഡവിറ്റ് ബഹു. അഡ്വക്കേറ്റ് ജനറൽ കോടതിയിൽ സമർപ്പിച്ചിരുന്നു. സ്വഭാവികമായും ഇക്കാര്യങ്ങളെ സംബന്ധിച്ച ചർച്ച വരുമ്പോൾ സാമാജികർക്ക് ഒരു വ്യക്തതയുണ്ടാകുന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ സാന്നിദ്ധ്യമുണ്ടാകേണ്ടത് അനിവാര്യമാണ്. ഭരണഘടന 177 ഉപയോഗപ്പെടുത്താൻ ചെയർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ഭരണഘടനയുടെ അനുച്ഛേദം 177 പ്രകാരം അഡ്വക്കേറ്റ് ജനറലിന് സഭയിൽ പങ്കെടുത്ത് സംസാരിക്കുന്നതിന് അവകാശമുണ്ടെങ്കിലും അതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് സഭയാണെന്നും അങ്ങനെ തീരുമാനിച്ചാൽ ചോദിക്കുന്ന ചോദ്യങ്ങളെ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനും ബന്ധപ്പെട്ട മന്ത്രിക്കും മുൻകൂട്ടി നോട്ടീസ് നൽകണമെന്നും ശക്ധർ & കൗളിൽ പ്രസ്താവിച്ചിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ ഇതു സംബന്ധിച്ച നോട്ടീസ് ഇന്നു രാവിലെയാണ് നൽകിയത്. നിയമസഭാ സമ്മേളനം തുടങ്ങുന്നതിന് മുമ്പ് കൂടിയ കക്ഷിനേതാക്കളുടെ യോഗത്തിലാണ് മുല്ലപ്പെരിയാർ വിഷയം ഇന്ന് ചർച്ച ചെയ്യാനുള്ള തീരുമാനമെടുത്ത്. ഇക്കാര്യം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തുവാൻ സമയപരിമിതി അനുവദിക്കാത്തതിനാൽ ശ്രീ. എ. കെ ബാലന്റെ ക്രമപ്രശ്നം ചെയർ നിരാകരിക്കുന്നു.

പ്രതിപക്ഷ നേതാവ് ഉപക്ഷേപം അവതരിപ്പിക്കുന്നതിന് മുമ്പ് ഒരു കാര്യം ചെയർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സുപ്രീം കോടതിയിലേയോ ഒരു ഹൈക്കോടതിയിലേയോ ഏതെങ്കിലും ജഡ്ജിയുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തെപ്പറ്റി നിയമസഭ ചർച്ച ചെയ്യുന്നത് ഭരണഘടനയുടെ 211-ാം അനുച്ഛേദപ്രകാരം വിലക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമെന്ന നിലയിൽ മുല്ലപ്പെരിയാർ വിഷയം ഇതിന് മുമ്പ് പലപ്പോഴും സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇന്നത്തെ ചർച്ചയ്ക്ക് സഹായകമായ വിധത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ലൈബ്രറി വിഭാഗം പുറത്തിറക്കിയ മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച ലീഗൽ & കോൺസ്റ്റിറ്റ്യൂഷണൽ ഡൈജസ്റ്റിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുണ്ട്. സമയബന്ധിതമായി ഇത് തയ്യാറാക്കിയ ലൈബ്രറി വിഭാഗം ജീവനക്കാരെ ചെയർ പ്രത്യേകം

അഭിനന്ദിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: അഡ്വക്കേറ്റ് ജനറലിന്റെ സാന്നിദ്ധ്യം ഉണ്ടെങ്കിൽ മാത്രമേ ഈ ചർച്ച ഫലപ്രദമാകൂ.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച ചർച്ചയുടെ കാര്യം തീരുമാനിച്ച കക്ഷിനേതാക്കളുടെ യോഗത്തിൽ ഈ ആവശ്യം ആരുമുന്നയിച്ചിട്ടില്ല. ഇന്ന് നടക്കുന്ന ചർച്ചയ്ക്ക് രാവിലെ നോട്ടീസ് തന്നാൽ അഡ്വക്കേറ്റ് ജനറലിനെ കൊണ്ടുവരാൻ സാധിക്കില്ല. അത് കൂട്ടായി തീരുമാനിക്കേണ്ട കാര്യമാണ്.

ഊർജ്ജ വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്)</u>: ഇക്കാര്യം സഭ തീരുമാനിക്കണമെന്ന് അങ്ങ് റൂളിംഗ് നൽകിക്കഴിഞ്ഞു. ഈ വിഷയം ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചതിനുശേഷം ഇന്നാണ് സഭ ചേരുന്നത്. അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തണമെങ്കിൽ മുൻകൂർ നോട്ടീസ് കൊടുക്കുകയും ചോദ്യങ്ങളെ സംബന്ധിച്ച് അറിയിക്കുകയും വേണം. ആരുമത് ഉന്നയിക്കാത്തതിന്റെ അർത്ഥം അഡ്വക്കേറ്റ് ജനറലിന്റെ സാന്നിദ്ധ്യമില്ലാതെ തന്നെ ഈ ചർച്ച നടത്താമെന്ന് പ്രതിപക്ഷവും ഭരണപക്ഷവും സമ്മതിച്ചു എന്നാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഇതൊരു ഗൗരവതരമായ വിഷയമായതുകൊണ്ട് അഡ്വക്കേറ്റ് ജനറലിന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തേണ്ടത് ഗവൺമെന്റിന്റെ ചുമതലയായിരുന്നു.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u> : "2014, മേയ് 7-ാം തീയതി സുപ്രീംകോടതി മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് പുറപ്പെടുവിച്ച വിധിമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭ ചർച്ച

ചെയ്യണം " എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. വി.എസ്. അച്യുതാനന്ദൻ</u>: ഇത് മൂന്നാം തവണയാണ് മുല്ലപ്പെരിയാർ വിഷയം കേരള നിയമസഭ ചർച്ച ചെയ്യുന്നത്. ഈ വിഷയത്തിൽ ഭരണ പ്രതിപക്ഷാംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസമില്ല. 1993-ൽ സഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നദികളെയും ജലാശയങ്ങളെയും കുറിച്ച് സമഗ്രമായി പഠിക്കുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുമായി നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചില്ല. 1886-ൽ രൂപകല്പന ചെയ്ത മുല്ലപ്പെരിയാർ കരാർ കാലഹരണപ്പെട്ടതാണെന്ന വിവരം സുപ്രീംകോടതിയെ ബോധിപ്പിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ഡാമിന്റെ സംഭരണശേഷി 142 അടിയായി ഉയർത്തണമെന്ന സാങ്കേതിക സമിതിയുടെ വാദത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയാത്തതുകൊണ്ടാണ് കേരളത്തിനെതിരായ സുപ്രീംകോടതി വിധിയുണ്ടായത്. ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന വ്യാഖ്യാനങ്ങളാണ് സുപ്രീംകോടതി

നടത്തിയിരിക്കുന്നത്. നമ്മുടെ സംസ്ഥാനം ജലദൗർലഭ്യം നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വാഭാവിക നീരൊഴുക്കില്ലാത്തതിനാൽ കടലിൽ നിന്ന് ഉപ്പുവെള്ളം കയറി നദികൾ മലീമസമാകുകയാണ്. വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ജലലഭ്യതയെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചും പഠനം നടത്തേണ്ടത് അത്യാവശ്യമാണ്. തുടർച്ചയായി ഉണ്ടാകുന്ന ഭൂകമ്പ ഭീഷണിയും ഡാമിന്റെ കാലപ്പഴക്കവും കണക്കിലെടുത്ത് ജലനിരപ്പ് 120 അടിയായി താഴ്ത്തണമെന്നും പുതിയ ഡാം നിർമ്മിക്കണമെന്നുമുള്ള നിർദ്ദേശങ്ങളും നടപ്പിലാക്കാനായില്ല. ഡാം തകർന്നാൽ അഞ്ച് ജില്ലകൾ ഇല്ലാതാകുന്ന ഭീകര ദുരന്തമുണ്ടാകുമെന്ന് സുപ്രീംകോടതിയെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അഡ്വക്കേറ്റ് ജനറലിനെക്കൊണ്ട് സുപ്രീംകോടതിയിൽ വായിപ്പിച്ച അബദ്ധ പഞ്ചാംഗം ഈ കേസ് കൈകാര്യം ചെയ്യുന്നതിൽ യു.ഡി.എഫ്. സർക്കാർ കാണിക്കുന്ന അലംഭാവത്തിന്റെ പ്രത്യക്ഷ തെളിവാണ്. പുതിയ ഡാം നിർമ്മിക്കണമെന്നതുസംബന്ധിച്ച് തമിഴ്നാടുമായി ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാകണം. ഡാമിന്റെ ജലനിരപ്പ് 142 അടിയായി ഉയർത്തണമെന്ന വാദം യുക്തിക്ക് നിരക്കാത്തതാണ്. മുല്ലപ്പെരിയാർഡാമിന്റെ കാലപ്പഴക്കം

സംബന്ധിച്ചോ, ബലക്ഷയത്തെക്കുറിച്ചോ, ജലനിരപ്പ് ഉയർത്തിയാലുണ്ടാകുന്ന വിപത്തുകളെക്കുറിച്ചോ സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താൻ സർക്കാരിന് സാധിച്ചില്ലെന്നത് ഖേദകരമാണ്. കേസ് സുപ്രീംകോടതിയിലെ പൂർണ്ണ ഭരണഘടനാ ബെഞ്ചിനെക്കൊണ്ട് കേസ് പരിഗണിപ്പിക്കുന്നതോടൊപ്പം കേന്ദ്രസർക്കാരിനെയും രാഷ്ട്രപതിയെയും ഇടപെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം. ലാർജർ ബെഞ്ചിനുമുന്നിൽ കേസ് വാദം കേൾക്കുന്ന സ്ഥിതിയുണ്ടായാൽ കേസ് നടത്തിപ്പിനാവശ്യമായ എല്ലാ രേഖകളും ഹാജരാക്കുന്നതിനും കേസ് നടത്തുന്നതിനുംവേണ്ടി പ്രതിപക്ഷമുൾപ്പെടെയുള്ളവരുടെ ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനമുണ്ടാക്കണം. കൂടാതെ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് സമഗ്രമായി പഠിക്കാനുള്ള അന്താരാഷ്ട്ര വിദഗ്ദ്ധ സമിതി രൂപീകരിക്കണം. ഈ വിഷയത്തിൽ നിലനിൽക്കുന്ന ശക്തവും രൂക്ഷവുമായ നീതിനിഷേധത്തിനെതിരെ ശക്തമായി പോരാടേണ്ട അവസ്ഥയാണ് സംജാതമായിരിക്കുന്നത്. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകുന്ന വിധത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ട് വിജയകരമായി നടപ്പാക്കാൻ സഭ ഒരേ മനസ്സോടും വികാരത്തോടും കൂടി നിലകൊള്ളണം.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ കേസ്സിൽ വന്നിരിക്കുന്ന സുപ്രീം കോടതി വിധി നിരാശാജനകമാണ്. ഡാമിന്

ബലക്ഷയമുണ്ടായിട്ടും ജലനിരപ്പ് 142 അടിയായി ഉയർത്താമെന്ന സുപ്രീം കോടതിയുടെ വാദം യുക്തിക്കുനിരക്കാത്തതാണ്. അതുകൊണ്ട് നിയമവിദഗ്ദ്ധരുമായി ആലോചിച്ച് ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം. നിയമവിദഗ്ദ്ധരുമായി ആലോചിച്ച് കാര്യങ്ങൾ ചെയ്യണം. ഭീതിയോടുകൂടി ജീവിക്കുന്ന നാൽപ്പത് ലക്ഷത്തോളം വരുന്ന ജനങ്ങളെ രക്ഷപ്പെടുത്തണം. ജീവിക്കാനുള്ള അവകാശത്തിന് വേണ്ടിയുള്ള ജനതയുടെ പോരാട്ടത്തിൽ നീതി ലഭിക്കുന്നതിനായി ഈ സഭ ഒറ്റക്കെട്ടായിനിന്ന് പരിഹാരമുണ്ടാക്കണം. ഇടുക്കി ജില്ലയിൽ അടിക്കടി ഹർത്താൽ നടത്തി ജനജീവിതം ദുസ്സഹമാക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കണം.

ശ്രീമതി ഇ.എസ്. ബിജിമോൾ : ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളത്തിന് മുല്ലപ്പെരിയാർ വിഷയത്തിൽ ഒരിക്കൽക്കൂടി നീതിക്കുവേണ്ടി നിലവിളിക്കുന്ന സാഹചര്യം വന്നിരിക്കുകയാണ്. അതിനാൽ സ്ഥായിയായ പരിഹാരമുണ്ടാക്കുന്നതിന് സഭ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. കേരളത്തിന് അനുകൂലമായ വിധിയുണ്ടാകുമെന്ന പ്രതീക്ഷ അസ്ഥാനത്തായിരിക്കുകയാണ്. അണക്കെട്ടിനെ സംബന്ധിച്ച സുപ്രീംകോടതി വിധിയിൽപ്പോലും വസ്തുതാപരമായ പിശകുകൾ സംഭവിച്ചിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. നിരുത്തരവാദപരമായ

പ്രസ്താവനകൾ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽനിന്നും ഉണ്ടാകുന്നത് വേദനാജനകമാണ്. ഈ വിഷയത്തിൽ ക്രിയാത്മകമായ ഇടപെടൽ ആവശ്യമാണ്. ജലനിരപ്പ് 142 അടിയായി നിജപ്പെടുത്തുന്നത് ഡാമിനെ ഗുരുതരമായി ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിന്റെ പ്രവർത്തനങ്ങൾ അടിയന്തരമായി പുനരാരംഭിക്കണം. ജനങ്ങളെ വിശ്വാസത്തിലെടുത്ത് ഒരു കർമ്മപദ്ധതിക്ക് രൂപം നൽകണം. ഇനിയും ഒരു കോടതിവിധിക്ക് കാത്തുനിൽക്കാതെ ഈ വിഷയത്തിൽ അടിയന്തരമായ ഇടപെടലുണ്ടാകണം.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സുപ്രീംകോടതിയുടെ പുതിയ വിധിയനുസരിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയായി ഉയരുകയും പുതിയ അണക്കെട്ട് എന്ന സങ്കൽപ്പം തകരുകയും അറ്റകുറ്റപ്പണിപോലും കേരളത്തിന് നടത്താനാകാത്ത സാഹചര്യം വന്നിരിക്കുകയുമാണ്. ഈ പ്രശ്നത്തിന് നിയമപരമായ ആലോചനയോടൊപ്പം രാഷ്ട്രീയ പരിഹാരമാണ് ആവശ്യം. ഈ വിഷയത്തിൽ മുമ്പ് സഭയെടുത്ത തീരുമാനത്തിന് പ്രസക്തി നഷ്ടപ്പെട്ട സാഹചര്യമാണ് നിലവിലുള്ളത്. കേരളത്തിലെ 40 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ക്രിയാത്മക നടപടി സ്വീകരിക്കണം.

ജമീലാ പ്രകാശം: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സുപ്രീം കോടതിയെ ഇത്തരം ഒരു വിധിയിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ പരിശോധനാവിധേയമാക്കുന്നതോടൊപ്പം കാലാകാലങ്ങളിൽ അന്തർസംസ്ഥാന നദീജലം കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നുവെന്നും അവരുടെ വരുമാനസ്രോതസ്സ് എന്തൊക്കെയാണെന്നും തമിഴ്നാട് ഗവൺമെന്റ് ഫെസിലിറ്റേഷൻ ചാർജസ് ഇനത്തിൽ വകയിരുത്തുന്ന തുക എങ്ങനെ ചെലവഴിക്കപ്പെടുന്നുവെന്നും കേസ് നടത്തിപ്പിന് ഹാജരാകുന്ന ഉദ്യോഗസ്ഥരുടെ പേരിലുള്ള സ്വത്തുവിവരം എന്താണെന്നും അന്വേഷിക്കുകയും അന്വേഷണം രാഷ്ട്രീയ നേതാക്കൾക്കുകൂടി ബാധകമാക്കുകയും ചെയ്യണം. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ കാര്യങ്ങൾക്കുവേണ്ടി സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള സമിതിയിലേയ്ക്ക് കേരളത്തിൽനിന്നും നിയുക്തരായിട്ടുള്ള അംഗങ്ങളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മവും സമഗ്രവുമായ നിരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കണം. കഴിഞ്ഞ വർഷം ഡിസംബറിൽ ചേർന്ന നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ 32-മത് യോഗത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് ആരൊക്കെയായിരുന്നുവെന്നും ഗവൺമെന്റ് തലത്തിൽ ചർച്ചകൾ നടത്തിയിരുന്നുവോയെന്നും എതിർപ്പ് പ്രകടിപ്പിക്കാതിരുന്ന പ്രതിനിധികളുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയണം. കേരള

ഡാം സേഫ്റ്റി അതോറിറ്റി നാല് ഡാമുകൾ സന്ദർശിക്കേണ്ടതില്ലെന്നും സുരക്ഷാകാര്യങ്ങൾ തമിഴ് നാട് ഡാം സേഫ്റ്റി ഡയറക്ടറേറ്റ് പരിശോധിക്കുന്നുണ്ടെന്നുമാണ് തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ തീരുമാനം തമിഴ്നാട്ടിൽ നിലവിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ കേരള ഗവൺമെൻറ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികളെന്താണെന്ന് അറിയാൻ ജനങ്ങൾക്ക് താല്പര്യമുണ്ട്.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മുല്ലപ്പെരിയാർ വിഷയം ഇന്നുതന്നെ ചർച്ച ചെയ്യപ്പെടുന്നത് സ്വാഗതാർഹമാണ്. നാല്പത് ലക്ഷത്തിലധികം ജനങ്ങളുടെ നിലനില്പിന് ഭീഷണി ഉയർത്തുന്ന കാര്യത്തിലുണ്ടായ നീതിപീഠത്തിന്റെ വിധി അത്യന്തം നിർഭാഗ്യകരമാണ്. ഇത് സുപ്രീം കോടതി മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള കോടതി വിധികളിൽനിന്നും വ്യത്യസ്തവും നിരാശാജനകവുമാണ്. 2006-ലെ വിധിയെ അംഗീകരിച്ചുകൊണ്ടുള്ള തീരുമാനമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഭരണഘടനാപരമായി ലഭിക്കേണ്ട സാമാന്യനീതിപോലും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് നാം ചിന്തിക്കണം. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളം മുന്നോട്ടുവച്ച വസ്തുതകൾക്ക് എംപവേർഡ് കമ്മിറ്റിയോ സുപ്രീം കോടതിയോ അർഹിക്കുന്ന പരിഗണന നൽകിയിട്ടില്ല.

ഒരിടത്തും ചർച്ച ചെയ്യപ്പെടാത്ത ടണൽ എന്ന ആശയവും വിധിയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. അണക്കെട്ടിന്റെ ജലനിരപ്പ് 142 അടിയായി ഉയർത്തുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച പരിശോധന വിധിന്യായത്തിൽ ഇല്ല. കേസിന്റെ വിചാരണവേളയിൽ സുപ്രീം കോടതി അനുകൂല പരാമർശങ്ങൾ നടത്തിയെങ്കിലും അന്തിമ വിധിയിൽ പ്രസ്തുത വാദഗതികൾ നിരാകരിക്കപ്പെട്ടത് ഖേദകരമാണ്. 136 അടി ജലനിരപ്പ് ഉള്ളപ്പോഴും ആവശ്യമായ ജലം തമിഴ്നാടിന് ലഭിക്കുന്നുണ്ടെന്ന് മാത്രമല്ല അക്കാര്യത്തിൽ കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുമില്ല. ഇത്തരത്തിലുള്ള വിട്ടുവീഴ്ചയ്ക്ക് തയ്യാറായ കേരളത്തിന്റെ നിലപാട് സുപ്രീം കോടതി കണക്കിലെടുക്കാതിരുന്നത് അത്യന്തം ഖേദകരമാണ്. 1964 മുതൽ മുല്ലപ്പെരിയാർ ഡാമിൽ ചോർച്ച കണ്ടപ്പോൾ സെൻട്രൽ വാട്ടർ കമ്മീഷൻ തമിഴ്നാട് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഡാം പരിശോധന നടത്തുകയും സുരക്ഷിതമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ജലനിരപ്പ് 136 അടിയാക്കി നിജപ്പെടുത്തുകയുമാണുണ്ടായത്. ജലനിരപ്പ് 142 അടിയായി ഉയർത്തിയാൽ പെരിയാറിലെ ടൈഗർ റിസർവ്വ് വെള്ളത്തിലാകുകയും സസ്യജന്തുജാലങ്ങളുടെ ആവാസ വ്യവസ്ഥ തകിടം മറിയുകയും ചെയ്യും. സുപ്രീം കോടതി വിധി നടപ്പിലാക്കിയാൽ 1980-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റിലെ വ്യവസ്ഥകൾക്ക് എതിരാകുന്ന പ്രവൃത്തിയായി മാറും. മുല്ലപ്പെരിയാർ ഡാമിലെ

ജലനിരപ്പ് ഉയർത്തുമ്പോൾ വന്യജീവി മേഖലയിലുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ കേരളം സുപ്രീം കോടതിയിൽ സമർപ്പിക്കുന്ന മുല്ലപ്പെരിയാർ പുനപരിശോധനാ ഹർജിയിൽ വളരെ ശക്തമായി ഉന്നയിക്കണം. ജൈവസമ്പത്തിന് നാശം സംഭവിക്കുമെന്ന കാരണത്താൽ പേപ്പാറ ഡാമിന്റെ ജലനിരപ്പ് മൂന്നടിപോലും ഉയർത്താൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകാത്ത കാര്യവും പ്രസക്തമാണ്. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കാനും സുരക്ഷിതത്വം ഉറപ്പാക്കാനും വർദ്ധിച്ചുവരുന്ന ഭൂകമ്പ സാധ്യത മുന്നിൽ കാണാനും സംസ്ഥാന ഗവൺമെന്റിന് കഴിയണം. വിട്ടുവീഴ്ച ചെയ്തുകൊണ്ടാണെങ്കിലും തമിഴ്നാടുമായി രാഷ്ട്രീയ ചർച്ചകൾ തുടരണം. പുതിയ ഡാം നിർമ്മിക്കുന്ന കാര്യത്തിലും കരാറിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അതിനും നാം തയ്യാറാകണം. കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ വിഷയത്തിന്റെ ഗൗരവം കൊണ്ടുവരുന്നതിനും നിയമപരമായി ഏതുതലം വരെ പോകാൻ കഴിയുമെന്ന് കൂടിയാലോചന നടത്തുന്നതിനും ഈ ചർച്ച അവസരമൊരുക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ വിഷയം നിയമസഭയിൽ പലവട്ടം ചർച്ച ചെയ്തതാണെങ്കിലും കേരളത്തിലെ 40 ലക്ഷം ജനങ്ങളും ഇപ്പോഴും നിസ്സഹായാവസ്ഥയിലാണ്. സുപ്രീം കോടതിയുടെ

ഇപ്പോഴത്തെ വിധി ജനങ്ങളിൽ ആശങ്കയും ഭയവും ഉളവാക്കിയിരിക്കുകയാണ്. ജനങ്ങളുടെ സുരക്ഷ സംബന്ധിച്ച് കോടതിയുടെ നിഗമനം എന്താണെന്ന് അന്വേഷിക്കാനുള്ള മാർഗ്ഗമുണ്ടോയെന്നും കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമം റദ്ദ് ചെയ്യാൻ കോടതിക്ക് അധികാരമുണ്ടോയെന്നും ഇത് നിയമസഭയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമായി കാണാൻ കഴിയുമോയെന്നും ഇക്കാര്യത്തിൽ രാഷ്ട്രപതിയെ ഇടപെടുവിക്കാൻ ആകുമോയെന്നുമുള്ള കാര്യങ്ങൾ പരിശോധിക്കപ്പെടണം. ജനങ്ങളുടെ ആശങ്കയകറ്റാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. താരതമ്യ പഠനത്തിനുപോലും സാദ്ധ്യതയില്ലാത്ത ഒരു ഡാമാണ് മുല്ലപ്പെരിയാർ ഡാം. ഡാം സുരക്ഷിതമാണെന്ന സുപ്രീം കോടതിയുടെ കണ്ടെത്തൽ ജനങ്ങളെ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. കേരള നിയമസഭ പാസ്സാക്കിയ നിയമം റദ്ദുചെയ്തുകൊണ്ട് ഇത്തരത്തിലുള്ള ഒരു വിധി സുപ്രീം കോടതിയിൽനിന്നും ഉണ്ടായതിനു കാരണം കേന്ദ്ര ജല കമ്മീഷന്റെ പക്ഷപാതപരമായ നിലപാടുകളാണ്. കേന്ദ്രവും കേരളവും കേന്ദ്ര ജല കമ്മീഷനും സംയുക്തമായി നടത്തിയ പരിശോധനയിൽ ഡാം സുരക്ഷിതമല്ലെന്ന് കണ്ടെത്തുകയും പുതിയ ഡാം നിർമ്മിക്കാമെന്ന് ധാരണയുണ്ടാവുകയും ചെയ്തിട്ടുള്ളതാണ്. അതിനാൽ ഒരു സ്വതന്ത്ര

ഏജൻസിയെക്കൊണ്ട് ശാസ്ത്രീയമായ പഠനം നടത്തുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് അവശ്യപ്പെടുന്നതിനും റിവ്യൂ പെറ്റീഷൻ നടപടികൾ തുടരുന്നതിനും നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറലും ജസ്റ്റിസ് കെ.ടി. തോമസും സംസ്ഥാന ഗവൺമെന്റും എടുത്ത നിലപാടുകളാണ് സുപ്രീം കോടതിയിൽനിന്നും ഇത്തരത്തിൽ കേരളത്തിന് എതിരായ ഒരു വിധിയുണ്ടാകുന്നതിന് ഇടയാക്കിയത്. കേരളം ഉയർത്തിയ എല്ലാ വാദങ്ങളും കോടതി തള്ളിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഭാഗമായ പെരിയാർ നദിയും ഡാമുമായി ബന്ധപ്പെട്ട് തമിഴ്നാടിന് യാതൊരുവിധ അധികാരവും ഇല്ല. ഡാമിന് ബലക്ഷയമുണ്ടെന്നു പറഞ്ഞത് കേന്ദ്ര ജല കമ്മീഷനാണ്. ഡാം തകർന്നാൽ നാനൂറ്റി അമ്പതു കുടുംബങ്ങളെ മാത്രമേ ബാധിക്കുകയുള്ളൂവെന്നും അവരെ മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും മുല്ലപ്പെരിയാർ ഡാമിൽനിന്നും വരുന്ന വെള്ളം താങ്ങാനുള്ള ശേഷി ഇടുക്കി ഡാമിനുണ്ടെന്നുമുള്ള അഫിഡവിറ്റാണ് എ.ജി. കോടതിയിൽ നൽകിയിരിക്കുന്നത്. നമ്മുടെ ജീവനും സ്വത്തും സംസ്കാരവും നശിച്ചുപോകുന്ന ഈ പ്രശ്നം കോടതിയെയും ജസ്റ്റിസ് കെ.ടി. തോമസിനെയും ധരിപ്പിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് പൂർണ്ണമായും

പരാജയപ്പെടുകയാണുണ്ടായത്. ഡാം ദുർബ്ബലമാണെന്ന കേരളത്തിന്റെ വാദം പരിശോധിക്കുന്നതിനായി സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയിലും ഡാമിന്റെ കാര്യക്ഷമത പരിശോധിക്കുന്ന അവസരത്തിലും നമ്മുടെ ഉദ്യോഗസ്ഥർ നിസ്സംഗത പാലിക്കുകയാണുണ്ടായത്. വിദഗ്ദ്ധരായ ഉദ്യോഗസ്ഥരെ പരിശോധനാ വേളയിൽ എത്തിക്കുന്നതിനും പ്രായോഗികമായ ഇടപെടലുകൾ നടത്തുന്നതിലും ഭൂകമ്പ സാദ്ധ്യതകൾ ഏറ്റവും കൂടുതലുള്ള പ്രദേശത്താണ് ഡാം സ്ഥിതിചെയ്യുന്നതെന്ന് ബോദ്ധ്യപ്പെടുത്തുന്നതിലും സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടു. അതിനാൽ കോടതിയുടെ ഫുൾ ബെഞ്ചിന്റെ മുന്നിൽ ഈ പ്രശ്നം എത്തിക്കുന്നതിനും രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള സാഹചര്യമരുക്കുന്നതിനും ഈ വിഷയം ഐക്യരാഷ്ട്ര സംഘടനയുടെയും മനുഷ്യാവകാശ കമ്മീഷന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേസ്സുമായി കേരള ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ നമുക്കെതിരായി വരാവുന്ന വാദഗതികൾ മുൻകൂട്ടി മനസ്സിലാക്കാനും അതിന് പരിഹാരമുണ്ടാക്കാനും ശ്രമിക്കണം. 1886 - ലെ കാരാർ റദ്ദു ചെയ്യുന്നതിന് നടപടി എടുക്കാതെ 1970-ൽ ഉപകരാർ ഉണ്ടാക്കിയിട്ടുള്ള സാഹചര്യത്തിൽ സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പുണ്ടാക്കിയ കരാർ സ്വയമേവ ഇല്ലാതെയാകും എന്ന വാദഗതി നിലനിൽക്കില്ല. 1979-ൽ ഡാം

സുരക്ഷിതമല്ലെന്ന് കാണിച്ച് കേരളം തമിഴ്നാട് ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റിനും കത്തെഴുതുകയും കേന്ദ്ര ഗവൺമെന്റിനോട് ഇത് പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡാം പരിശോധിക്കുന്നതിനായി കേന്ദ്രം ജലകമ്മീഷനെ നിയോഗിക്കുകയും കമ്മീഷൻ ഡാം ബലപ്പെടുത്തുന്നതിന് ഹ്രസ്വകാല ദീർഘകാല നടപടികൾ സ്വീകരിക്കുന്നതിന് തമിഴ്നാട് ഗവൺമെന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു. 136 അടിയിൽനിന്ന് ജലനിരപ്പ് ഉയർത്താൻ പാടില്ലെന്ന നിലപാട് കേരളം സ്വീകരിച്ചതിനെതിരെ തമിഴ്നാട് കോടതിയെ സമീപിക്കുകയും കോടതിയുടെ നിർദ്ദേശപ്രകാരം ഡാം പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി ഡാമിന് ബലക്ഷയമില്ലെന്നും ജലനിരപ്പ് 142 അടിയായി ഉയർത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതിനെതിരെ വീണ്ടും കേരളം കോടതിയെ സമീപിച്ചതിനെത്തുടർന്ന് 2006 -ൽ തമിഴ് നാടിന് അനുകൂലമായ വിധിയുണ്ടായി. അവിടത്തെ രാഷ്ട്രീയകക്ഷികളും ഉദ്യോഗസ്ഥരുമെല്ലാം ഒറ്റക്കെട്ടായി പരിശ്രമിച്ചതുകൊണ്ടാണ് അവർക്ക് അനുകൂലമായ വിധി നേടിയെടുക്കാനായത്. 2006-ലെ വിധിയെ മറികടക്കാൻ കേരളം ഡാം സേഫ്റ്റി നിയമം പാസ്സാക്കിയെങ്കിലും തമിഴ്നാട് സുപ്രീംകോടതിയിൽ അതിനെ ചോദ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അവർക്ക് അനുകൂലമായ വിധി സമ്പാദിക്കാൻ സാധിച്ചു.

ഈ വിധിയെ മറികടക്കാൻ ശ്രമിക്കാതെ ഒരു പുതിയ ഡാം എന്ന ആശയവുമായിട്ടാണ് നാം മുന്നോട്ടുപോയത്. പഴയ ഡാം ഡീകമ്മീഷൻ ചെയ്യണമെങ്കിൽ അതിനുള്ള പഠനങ്ങൾ നടത്തേണ്ടതുണ്ട്. സുപ്രീംകോടതി വിധിയെ ഉൾക്കൊണ്ടുകൊണ്ട് ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം. നിയമപരമായി ചെയ്യേണ്ട കാര്യങ്ങളിൽ കൂട്ടായ തീരുമാനമെടുക്കുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റും ഇരു സംസ്ഥാന ഗവൺമെന്റുകളും തമ്മിൽ കൂടിയാലോചിച്ച് രാഷ്ട്രീയമായി തീരുമാനമെടുക്കേണ്ടത് അനിവാര്യമാണ്.

<u>ശ്രീ. വി.എസ്.സുനിൽകുമാർ</u>: ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. നിരവധി തവണ ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ചകളും വിവിധ സമിതികളുടെ റിപ്പോർട്ടുകളും നിയമസഭയിൽ വന്നിട്ടുണ്ടെങ്കിലും കോടതികളിലൊന്നിലും ഈ സമിതി റിപ്പോർട്ടുകളോ ന്യായാന്യായങ്ങളോ സ്ഥാപിച്ച് വിജയിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് കേരളത്തിന്റെ ഏറ്റവും വലിയ ദുരന്തം. ഇത് ജനാധിപത്യ ഗവൺമെന്റുകൾക്ക് സംഭവിച്ച കുറ്റകരമായ വീഴ്ചയാണ്. തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണാൻ പോയപ്പോൾ അദ്ദേഹത്തിന് മുമ്പിൽ വച്ച മുഖ്യ വിഷയം മുല്ലപ്പെരിയാർ പ്രശ്നമാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ മുൻഗണനാ വിഷയങ്ങളിൽ മുല്ലപ്പെരിയാർ ഉണ്ടോയെന്നതാണ് നാം പരിശോധിക്കേണ്ടത്.

ജലനിരപ്പ് 136 അടിയിൽനിന്ന് 142 അടിയായി ഉയർത്തുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഗ്രീൻ ട്രൈബ്യൂണൽ അടക്കമുള്ള വിദഗ്ദ്ധ സമിതികൾക്ക് മുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ഇതിന് രാഷ്ട്രീയം പരിഹാരമുണ്ടാക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ചും ഏറ്റവും ജീവത്തായ വിഷയത്തിൽ നാം എന്തുകൊണ്ട് പരാജയപ്പെടുന്നുവെന്നതിനെക്കുറിച്ചും ആലോചിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മുല്ലപ്പെരിയാർ വിഷയത്തിൽ ബുദ്ധിപരമായ തീരുമാനത്തിലൂടെ പരിഹാരമുണ്ടാക്കാൻ സാധിക്കണം. ഡാം തകർന്നാലുണ്ടാകുന്ന ദുരന്തത്തെക്കുറിച്ച് സുപ്രീംകോടതിയെ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ കേരളം പരാജയപ്പെട്ടു. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട പാരിസ്ഥിതിക വിഷയങ്ങളോ റൂർക്കി ഐ.ഐ.ടി. പോലുള്ള സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകളോ പരിഗണിക്കാതെയാണ് സുപ്രീംകോടതി ഇത്തരമൊരു വിധി പുറപ്പെടുവിച്ചത്. ഈ പ്രശ്നം ഓപ്പൺ കോർട്ടിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയണം.

ശ്രീ. രാജു എബ്രഹാം : ഉപക്ഷേപ പ്രമേയത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ സമീപനം ആത്മാർത്ഥതയുള്ളതാണോയെന്ന കാര്യം പരിശോധിക്കണം. സുപ്രീംകോടതിയിൽ കേരളത്തിന്റെ താല്പര്യങ്ങൾക്ക്

വിരുദ്ധമായ നിലപാട് സ്വീകരിച്ച അഡ്വക്കേറ്റ് ജനറലിനെതിരെ നടപടി സ്വീകരിക്കണം. സുപ്രീംകോടതിയിൽ വ്യക്തമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ കേരളം പൂർണ്ണമായും പരാജയപ്പെട്ടു. മുപ്പത് വർഷത്തിലൊരിക്കൽ കരാർ പുതുക്കണമെന്ന കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനോ കേസ് നടത്തുന്നതിന് തമിഴ്നാട് മാതൃകയിൽ ഒരു മുല്ലപ്പെരിയാർ സെൽ രൂപീകരിക്കുന്നതിനോ കേരളത്തിന് സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമം നടത്തിയില്ലെങ്കിൽ ബഹുജനപ്രക്ഷോഭമുണ്ടാകും.

ശ്രീ. ബെന്നി ബെഹനാൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ഏകപക്ഷീയമാണ്. ഈ വിധി മറി കടക്കാനുള്ള സാധ്യതകളെക്കുറിച്ച് ആരായണം. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് കഴിഞ്ഞകാലങ്ങളിൽ സംഭവിച്ച വീഴ്ചകൾക്ക് പരിഹാരം കാണണം. 1886-ലുണ്ടാക്കിയ കരാർ പുനഃപരിശോധിക്കാൻ ലഭിച്ച അവസരം കേരളം പ്രയോജനപ്പെടുത്തിയില്ല. തമിഴ്നാടിന്റെ താല്പര്യം മാത്രമാണ് സുപ്രീം കോടതി പരിഗണിച്ചത്. വനവും വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് പാർലമെന്റ് പാസ്സാക്കിയ നിയമവും ഡാമിന്റെ സുരക്ഷയെക്കുറിച്ച് വിവിധ

തലങ്ങളിൽ കേരളം നടത്തിയ പഠന റിപ്പോർട്ടുകളും സുപ്രീം കോടതി പരിഗണിച്ചില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് റിവ്യൂ പെറ്റീഷൻ കൊടുക്കുന്നതോടൊപ്പം ക്യൂറേറ്റീവ് പെറ്റീഷനും കൊടുക്കണം. കേരളത്തിലെ 40 ലക്ഷത്തോളം ജനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ ദേശീയ-അന്തർദേശീയ തലങ്ങളിൽ അനുകൂലമായ അഭിപ്രായ രൂപീകരണമുണ്ടാക്കി സുപ്രീംകോടതി വിധി പുനഃപരിശോധിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. കക്ഷിരാഷ്ട്രീയത്തിന് അതീതമായ സമീപനം കൈക്കൊള്ളണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളമുന്നയിച്ച വാദങ്ങളെ നിരാകരിക്കുന്ന വിധിയാണ് സുപ്രീംകോടതി പുറപ്പെടുവിച്ചിരിക്കുന്നത്. സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയെ മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമല്ലെന്ന കാര്യം ബോദ്ധ്യപ്പെടുത്തുന്നതിൽ കേരളം പരാജയപ്പെട്ടു. ഹരിയാനയുമായി ജലം പങ്കിടുന്ന വിഷയത്തിൽ സുപ്രീം കോടതിയുടെ വിധി മറികടക്കാനായി 2004-ൽ പഞ്ചാബ് നിയമസഭ പാസ്സാക്കിയ നിയമം സംസ്ഥാനത്തിനുള്ള നിയമനിർമ്മാണാധികാരത്തിന്റെ തെളിവാണ്. മുല്ലപ്പെരിയാർ ഡാം തകർന്നാൽ 588 ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലാകുകയും ആദിവാസി സങ്കേതങ്ങൾ തകരുകയും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുകയും ചെയ്യും.

പാർലമെന്റിൽ ഈ വിഷയം ചർച്ചയ്ക്കെടുപ്പിക്കാനും രാഷ്ട്രപതിയുടെ മുമ്പിലെത്തിച്ച് പ്രശ്നത്തിന്മേൽ തീരുമാനമുണ്ടാക്കാനും സർക്കാർ തയ്യാറാകണം. തമിഴ്നാട്ടുമായി കൂടിയാലോചിച്ച് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം. സുപ്രീംകോടതിയിൽ കാര്യങ്ങൾ വ്യക്തമായി ബോധിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും മുല്ലപ്പെരിയാർ ഡാം ഭീഷണിയായിരിക്കുകയാണ്. 142 അടിയായി ജലനിരപ്പ് ഉയർത്താനുള്ള തീരുമാനത്തെ എതിർക്കണം. ഇരു സംസ്ഥാനങ്ങളും മാതൃകാപരമായ നിലപാട് സ്വീകരിച്ച് മുല്ലപ്പെരിയാർ വിഷയത്തിന് ശാശ്വത പരിഹാരമുണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): 15.6 ടി.എം.സി. സംഭരണശേഷിയുള്ള മുല്ലപ്പെരിയാർ ഡാമിന് ബലക്ഷയമുണ്ടെന്ന് 1979-ൽ കേന്ദ്ര ജല കമ്മീഷൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജലനിരപ്പ് 136 അടിയായി താഴ്ത്തിയിരുന്നു.

2000-ൽ ഇരു സംസ്ഥാനത്തെയും മുഖ്യമന്ത്രിമാർ ചേർന്ന് ചർച്ച നടത്തിയെങ്കിലും ഫലമുണ്ടാകാത്തതിനാൽ പരമോന്നത കോടതിയിൽ ഈ വിഷയം ഉന്നയിക്കപ്പെട്ടു. 2006-ലെ സുപ്രീം കോടതി വിധിയെത്തുടർന്ന് കേരള നിയമസഭ പാസ്സാക്കിയ നിയമത്തെ ചോദ്യം ചെയ്ത് തമിഴ്നാട് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. 2009-ൽ സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിലേക്ക് ഈ കേസ് മാറ്റി. തുടർന്ന് 2010-ൽ സുപ്രീം കോടതി ഒരു എംപവേർഡ് കമ്മിറ്റിയെ നിയോഗിച്ചു. എംപവ്വേർഡ് കമ്മിറ്റി പ്രധാനമായും ഹൈഡ്രോളജിക്കൽ സേഫ്റ്റി, സീസ്മിക് സേഫ്റ്റി, സ്ട്രക്ച്ചറൽ സേഫ്റ്റി എന്നീ മൂന്ന് കാര്യങ്ങളാണ് പരിഗണിച്ചത്. ഹൈഡ്രോളജിക്കൽ സേഫ്റ്റി സംബന്ധിച്ച് ഡൽഹി ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ടും സീസ്മിക് സുരക്ഷ സംബന്ധിച്ച് റൂർക്കി ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ടും പരിശോധിക്കണമെന്ന് ഉന്നതാധികാര സമിതിയോട് കേരളം അഭ്യർത്ഥിച്ചിരുന്നുവെങ്കിലും കേരളത്തിന്റെ വാദം ശരിയാണെന്ന് അംഗീകരിക്കേണ്ടി വരുമെന്നതിനാൽ അതിനവർ തയ്യാറായില്ല. സ്ട്രക്ച്ചറൽ സേഫ്റ്റി സംബന്ധിച്ചും കേരളത്തിന് പറയാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഉന്നതാധികാര സമിതിയെ ബോധിപ്പിച്ചെങ്കിലും എംപവേർഡ് കമ്മിറ്റി കേരളത്തിന്റെ ഭാഗം കേൾക്കാതെ ഏകപക്ഷീയമായി തീരുമാനമെടുക്കുകയാണുണ്ടായത്. എംപവേർഡ് കമ്മിറ്റി പരിഗണിക്കാത്ത

കേരളത്തിന്റെ വാദഗതികൾ സുപ്രീം കോടതിയിൽ ചർച്ച ചെയ്യപ്പെടുകയും ഡൽഹി ഐ.ഐ.റ്റി.-യുടെ കണ്ടെത്തൽ ശരിയാണെന്ന് സുപ്രീം കോടതി അഭിപ്രായപ്പെടുകയും ചെയ്തതാണ്. കാലാകാലങ്ങളിൽ ഡാമിലുണ്ടാകുന്ന തകരാറുകൾ ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി ഇപ്പോൾ ഒരു മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച സുപ്രീം കോടതി വിധി പുനഃപരിശോധിക്കുന്നതിന് സുപ്രീം കോടതിയുടെ മുകളിലുള്ള ഒരു ഉന്നതാധികാര ബെഞ്ചിലേക്ക് കൊണ്ടുവരുന്നതിനായി രാഷ്ട്രപതിയെയും കേന്ദ്ര ഗവൺമെന്റിനെയും സമീപിക്കണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. കേന്ദ്രത്തിൽ ഒരു ഡാം സേഫ്റ്റി നിയമം പാസ്സാക്കണമെന്ന് കേരള നിയമസഭയും ഗവൺമെന്റും എം.പി.-മാരും ഒറ്റക്കെട്ടായി ആവശ്യപ്പെടണം. കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നം ലോക മനഃസാക്ഷിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ഇന്ത്യൻ പ്രസിഡന്റിന്റെയും മുന്നിൽകൊണ്ടുവന്ന് പരിഹാരമുണ്ടാക്കുന്നതിനു വേണ്ടിയുള്ള കൂട്ടായ ശ്രമം ഗവൺമെന്റ് നടത്തുന്നതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് ഓരോ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുകൊണ്ട് യോഗങ്ങൾ സംഘടിപ്പിക്കുകയും അവിടെനിന്നും

ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ ചർച്ച തുടങ്ങുന്നതിനുമുമ്പ് അങ്ങിവിടെ പ്രകടിപ്പിച്ച അഭിപ്രായം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഇന്നിവിടെ എല്ലാപേരും സംസാരിച്ചത്. തമിഴ് നാടിന് വെള്ളം കൊടുക്കുന്നതിന് നിലവിൽ ഒരു തടസ്സവും ഇല്ലാതിരുന്നിട്ടും സംസ്ഥാനത്തിന്റെ ആശങ്ക സുപ്രീം കോടതി പരിഗണിക്കാതിരുന്നത് വേദനാജനകമാണ്. തമിഴ്നാടിന് വെള്ളവും കേരളത്തിന് സുരക്ഷയും എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷാകാലാവധി അവസാനിച്ചിട്ടും ജലനിരപ്പ് ഉയർത്തരുതെന്ന കേരളത്തിന്റെ ആവശ്യം സുപ്രീം കോടതി പരിഗണിക്കാതിരുന്നതും ജലനിരപ്പ് 142 അടി യായി വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തതും പ്രതിഷേധാർഹമാണ്. മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കാൻ കക്ഷിരാഷ്ട്രീയഭേദമന്യേ ഇപ്പോൾ ഒന്നിച്ചെടുത്തിരിക്കുന്ന സമീപനം സ്വാഗതാർഹമാണ്. പ്രശ്നപരിഹാരത്തിന് റിവ്യൂ പെറ്റീഷൻ നൽകാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ജനങ്ങളുടെ സുരക്ഷയ്ക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള ശ്രമം നേടിയെടുക്കാൻ സർക്കാരിന് സാധിക്കുമെന്നാണ് കരുതുന്നത്. അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച ആശങ്ക ഇന്നും നിലനിൽക്കുന്ന സാഹചര്യത്തിലും ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലും

ഒരു പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"119 കൊല്ലം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് കേരള ജനതയ്ക്കുള്ള ആശങ്ക ഇന്നും നിലനിൽക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷയും തമിഴ്നാടിന് വെള്ളവും ലഭ്യമാക്കുന്നതിന് ഒരു പുതിയ ഡാം നിർമ്മിക്കുക എന്നതാണ് ആത്യന്തികമായ പരിഹാരം. 1979-ൽ കേന്ദ്ര ജല കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് പുതിയ ഡാമിനുവേണ്ടി കേരളവും തമിഴ്നാടും യോജിച്ച് സ്ഥലം കണ്ടെത്തുകയുണ്ടായി. പുതിയ ഡാം നിർമ്മിക്കുന്നതു സംബന്ധിച്ച് ഇരു സംസ്ഥാനങ്ങളും തമ്മിൽ ധാരണയുണ്ടാക്കുവാൻ കേന്ദ്ര ഗവൺമെന്റ് മദ്ധ്യസ്ഥത വഹിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു. മുല്ലപ്പെരിയാൽ ഡാമിലെ ജലനിരപ്പ് ഉയർത്തിയാൽ സമീപ പ്രദേശത്തെ വനങ്ങളുടെയും വന്യജീവികളുടെയും അപൂർവ്വം സസ്യജാലങ്ങളുടെയും നാശത്തിന് കാരണമാകും. നിലവിലുള്ള വനം, വന്യജീവി, പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം മുല്ലപ്പെരിയാർ ഡാമിന്റെ താഴെ വസിക്കുന്ന നാൽപ്പത് ലക്ഷത്തോളം ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാകാവുന്ന വിപത്തും ഇതുണ്ടാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷവും പരിഗണിച്ച് ഈ വിഷയം ഭരണഘടനയുടെ 143-ാം അനുച്ഛേദം അനുസരിച്ച്

ബഹുമാനപ്പെട്ട രാഷ്ട്രപതി സുപ്രീം കോടതിക്ക് റഫർ ചെയ്യണമെന്ന് ഈ സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു.".

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 3.05--ന് പിരിഞ്ഞു.

*************************